"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ. ജഗദീഷ് എം. കെ., അസിസ്റ്റന്റ് സെക്രട്ടറി ഫയൽ ചെയ്ത OA(EKM) 1488/2025 മേലുള്ള 10.10.2025 ലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.21/2026/LSGD തീയതി,തിരുവനന്തപുരം, 03-01-2026

പരാമർശം:-

1. 16.03.2024 സ.ഉ. (കൈ) നം. 46/2024/LSGD
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28/06/2025-ലെ LSGD/PD/19248/2025-DEB1 നമ്പർ പൊതു സ്ഥലംമാറ്റ ഉത്തരവ്
3. 21/07/2025 ലെ LSGD/PD/46015/2023-DEB1 Part (1) നമ്പർ ഉത്തരവ്
4. 27/09/2025-ലെ LSGD/PD/46015/2023-DEB1 Part (1) നമ്പർ ഉത്തരവ്
5. ശ്രീ. ജഗദീഷ് എം. കെ യുടെ 03.10.2025 ലെ അപേക്ഷ
6. OA (EKM) 1488/2025 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10/10/2025 ലെ ഉത്തരവ്
7. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05/11/2025, 27/11/2025 എന്നീ തിയതികളിലെ LSGD/PD/30823/2025-LL2 നം. കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിൽ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കവേ ശ്രീ. ജഗദീഷ് എം. കെ. യെ 2025 ലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം ടിയാന്റെ ഒന്നാം ഓപ്ഷനായ എടച്ചേരി ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയതിനെ തുടർന്ന് 05/08/2025-ന് അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചുവെങ്കിലും ടി സ്റ്റേഷനിൽ 2 മാസം തികയുന്നതിന് മുമ്പ് ടിയാനെ പരാമർശം (4) പ്രകാരം നാദാപുരം ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയതായും പകരം നിയമിതനായ ശ്രീ. എൻ. മനോജൻ 4 വർഷത്തോളം എടച്ചേരി ഗ്രാമ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ച ശേഷം 2025 ലെ പൊതു സ്ഥലംമാറ്റ ഉത്തരവ് പ്രകാരം ടിയാനെ ഏറാമല ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയിരുന്നുവെങ്കിലും തുടർന്ന് പരാമർശം (3) പ്രകാരം വാണിമേൽ ഗ്രാമ പഞ്ചായത്തിലേക്കും പീന്നീട് പരാമർശം (4) പ്രകാരം വീണ്ടും എടച്ചേരി ഗ്രാമ പഞ്ചായത്തിലേക്കും സ്ഥലംമാറ്റം നൽകിയിരിക്കുകയാണെന്നും ആയത് സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിക്കാതെയാണെന്നും ആരോപിച്ച് പരാമർശം (4) ഉത്തരവിനെതിരെ ടിയാൻ പരാമർശം (5) പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിച്ചിരുന്നു. പ്രസ്തുത സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ശ്രീ. ജഗദീഷ് എം. കെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA (EKM) 1488/2025 നമ്പരായി

കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ പരാമർശം (6) ഉത്തരവിൽ , ടി ഉത്തരവിന്റെ പകർപ്പ് ലഭിച്ച് ആറാഴ്ചയ്ക്കുള്ളിൽ, അപേക്ഷകനെയും നാലാം എതിർകക്ഷിയെയും നേരിൽ കേട്ട് ടിയാന്റെ പരാമർശം (5) അപ്പീൽ (Annexue-A5) പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നല്കിയിരുന്നു. അപേക്ഷകൻ ഇതിനകം റിലീവ് ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ ടിയാളുടെ നിലവിലുള്ള സ്റ്റേഷനിൽ തന്നെ നിലനിർത്തേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

2) പരാമർശം (6) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജി കക്ഷിയേയും നാലാം എതിർ കക്ഷിയെയും സർക്കാർ തലത്തിൽ ഓൺലൈൻ മുഖേന നേരിൽ കേൾക്കുകയുണ്ടായി.

i) <u>ഹിയറിംഗിൽ ശ്രീ. ജഗദീഷ് ഉന്നയിച്ച വാദങ്ങൾ</u>

അപ്പീൽ അപേക്ഷയിൽ ഉന്നയിച്ച കാര്യങ്ങൾ തന്നെ ഹിയറിംഗിലും ശ്രീ. ജഗദീഷ് ആവർത്തിക്കുകയുണ്ടായി. അതോടൊപ്പം, നാദാപുരം ഗ്രാമ പഞ്ചായത്തിലേക്ക്, തന്നെ സ്ഥലംമാറ്റിക്കൊണ്ടുള്ള ഉത്തരവിൽ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങളുടെ ചുവടെ പറയും പ്രകാരമുള്ള ലംഘനങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് ബോധിപ്പിക്കുകയുണ്ടായി.

i. *പൊതുസ്ഥലംമാറ്റ അപേക്ഷ പ്രകാരം സ്ഥലം മാറ്റം ലഭിക്കുന്ന ജീവനക്കാരന് സ്ഥലം മാറ്റപ്പെട്ട ഓഫീസിൽ കുറഞ്ഞത് 3 വർഷമെങ്കിലും തുടരാനുള്ള അർഹതയുണ്ട്. എടച്ചേരി ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച എന്നെ രണ്ട് മാസം പോലും തികയുന്നതിന് മുൻപേ ഞാൻ ആവശ്യപ്പെടാത്ത നാദാപുരം ഗ്രാമപഞ്ചായത്തിൽ സ്ഥലം മാറ്റിയിരിക്കുന്നു.*
ii. *ഒരു സ്റ്റേഷനിൽ തുടർച്ചയായി 3 വർഷം പൂർത്തിയാക്കിയ ജീവനക്കാരനെ നിർബന്ധമായും സ്ഥലം മാറ്റേണ്ടതുണ്ട്. എടച്ചേരി ഗ്രാമപഞ്ചായത്തിൽ തുടർച്ചയായി 4 വർഷത്തോളം സേവനം പൂർത്തിയാക്കി പൊതുസ്ഥലം മാറ്റത്തിന്റെ ഭാഗമായി സ്ഥലം മാറ്റപ്പെട്ട ശ്രീ. മനോജൻ എന്ന അതേ ജീവനക്കാരനെയാണ് രണ്ടു മാസം പോലും തികയുന്നതിന് മുൻപ് വീണ്ടും എടച്ചേരി ഗ്രാമ പഞ്ചായത്തിൽ എന്നെ സ്ഥലം മാറ്റി പകരം നിയമിച്ച് ഉത്തരവായിട്ടുള്ളത്.*

കൂടാതെ, 2025 ലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള വോട്ടർ പട്ടിക പുതുക്കലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുഴുവൻ ഉദ്യോഗസ്ഥരുടേയും സ്ഥലംമാറ്റം 2025 സെപ്റ്റംബർ 29 മുതൽ പുറപ്പെടുവിക്കരുതെന്ന് 27.09.2025 ലെ കത്ത് മുഖേന സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിരുന്നുവെന്നും ആയതിന് ശേഷമാണ് മേൽ ഉത്തരവ് പുറപ്പെടുവിച്ചതെന്നും ടിയാൻ അറിയിക്കുകയുണ്ടായി.

ശ്രീ മനോജൻ താമസിക്കുന്ന എടച്ചേരി ഗ്രാമ പഞ്ചായത്തിന്റെ അയൽ പഞ്ചായത്തുകളായ ഏറാമല, നാദാപുരം ഗ്രാമ പഞ്ചായത്തുകൾ ശ്രീ. മനോജൻ-ന്റെ താമസ സ്ഥലത്തു നിന്നും 8 കി.മീ ദൂര പരിധിക്കുള്ളിലാണെന്നും പ്രസ്തുത പഞ്ചായത്തുകളിലൊന്നിൽ ടിയാന് സ്ഥലം മാറ്റം അനുവദിക്കുകയാണെങ്കിൽ ഏറെ സഹായകമാവുമെന്നും, എന്നാൽ, തന്നെ സംബന്ധിച്ച് നാദാപുരം ഗ്രാമ പഞ്ചായത്തിൽ എത്താൻ നാല് ഗ്രാമ പഞ്ചായത്തുകൾ പിന്നിടണമെന്നും യാത്രാ

ദൂരം കൂടുതലുമാണെന്നും, തന്നെ ആശ്രയിച്ച് കഴിയുന്ന അമ്മയുടെ ആരോഗ്യ സ്ഥിതി, ഹൃദ്രോഗത്താലും മറ്റ് ആരോഗ്യ പ്രശ്നങ്ങളാലും വാർദ്ധക്യസഹജമായ അസുഖങ്ങളാലും മോശമായ അവസ്ഥയിലായതിനാലാണ് അമ്മയുടെ സംരക്ഷണം മുൻനിർത്തി സമീപ പഞ്ചായത്തുകളായ എടച്ചേരി, ചോറോട്, ഒഞ്ചിയം ഗ്രാമ പഞ്ചായത്തുകൾ സ്ഥലം മാറ്റം ലഭിക്കുന്നതിനായി ഓപ്ഷൻ നൽകിയതെന്നും, കാലം തെറ്റിയുള്ള സ്ഥലം മാറ്റ ഉത്തരവ് കുടുംബജീവിതത്തെ തന്നെ സാരമായി ബാധിച്ചിരിക്കുകയാണെന്നും ആയതിനാൽ പ്രിൻസിപ്പൽ ഡയറക്ടറുടെ 27/09/2025-ലെ ഉത്തരവ് റദ്ദാക്കണമെന്നും എടച്ചേരി ഗ്രാമപഞ്ചായത്തിൽ തന്നെ തുടരാൻ അനുവദിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

ii) ഹിയറിംഗിൽ ശ്രീ. മനോജൻ ഉന്നയിച്ച വാദങ്ങൾ

7 8 വയസ്സ് പ്രായമുള്ള വിധവയും, സ്ട്രോക്ക് രോഗ ബാധിതയും, മറ്റ് ജീവിത ശൈലി രോഗങ്ങളാലും കഷ്ടതയനുഭവിക്കുന്ന തന്റെ അമ്മയുടെ സംരക്ഷണ ചുമതല തനിക്കാണെന്നും വാണിമേൽ എന്ന വിദൂര സ്ഥലത്തേയ്ക്ക് സ്ഥലംമാറ്റം ലഭിച്ചത് മൂലം നിരന്തരം വിവിധ ചികിത്സകൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന അമ്മയുടെ ചികിത്സയ്ക്ക് ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുകയാണെന്നും ഏക മകനായ തനിക്ക് ഏറ്റവും അനിവാര്യമായ സമയത്തു ഒരു മകന്റെ കടമ നിർവ്വഹിക്കാൻപോലും കഴിയാതെയായിരിക്കുകയാണെന്നും, ഈ കാര്യങ്ങളെല്ലാം വിശദീകരിച്ച് പ്രിൻസിപ്പൽ ഡയറക്ടർ മുൻപാകെ അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലാണ് അനുകമ്പാർഹമായി പ്രിൻസിപ്പൽ ഡയറക്ടർ തനിക്ക് എടച്ചേരി ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലംമാറ്റം അനുവദിച്ചതെന്നും ആയതിനാൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കി തന്നെ എടച്ചേരി ഗ്രാമപഞ്ചായത്തിൽ ജോയിൻ ചെയ്യാൻ അനുവദിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

സർവീസിന്റെ വിവിധ ഘട്ടങ്ങളിൽ ഓരോ പ്രമോഷൻ കാലയളവിലും മലപ്പുറം, തൃശ്ശൂർ, വയനാട്, കാസർഗോഡ് ജില്ലകളിലും കോഴിക്കോട് ജില്ലയിലെ തന്നെ താമസ സ്ഥലത്തു നിന്നും 40 കിലോമീറ്റർ കൂടുതൽ അകലമുള്ള തിക്കോടി, കായണ്ണ, മൂടാടി എന്നീ പഞ്ചായത്തുകളിലും ജോലി ചെയ്തിട്ടുണ്ടെന്നും, ശ്രീ. ജഗദീഷിനെ ടിയാൻ ഇപ്പോൾ ജോലി ചെയ്യുന്ന എടച്ചേരി ഗ്രാമ പഞ്ചായത്തിൽ നിന്നും നാലു കിലോമീറ്റർ മാത്രം അകലെയുള്ള നാദാപുരം ഗ്രാമ പഞ്ചായത്തിലേക്കാണ് നിയമിച്ചിരിക്കുന്നതെന്നും ടിയാന്റെ താമസ സ്ഥലമായ ചോറോട് ഗ്രാമ പഞ്ചായത്തിലെ കൈനാട്ടി എന്ന സ്ഥലത്തുനിന്നും നാദാപുരം ഗ്രാമ പഞ്ചായത്തിലേക്ക് 10 കിലോമീറ്റർ മാത്രം ദൂരമേയുള്ള എന്നും, ഏറെ പ്രയാസം അനുഭവിക്കുന്നതിലാണ് വിദൂരതയിലുള്ള വാണിമേൽ പഞ്ചായത്തിൽ നിന്നും സ്ഥലംമാറ്റം ലഭിക്കുന്നതിനായി നിയമാനുസൃതമായി അപേക്ഷ സമർപ്പിച്ചതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ എടച്ചേരി ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ച പ്രിൻസിപ്പൽ ഡയറക്ടർ-ടെ ഉത്തരവ് നടപ്പാക്കണമെന്നും ഹിയറിംഗിൽ അപേക്ഷിച്ചിരുന്നു.

3) മേൽ വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിലെ പൊതുസ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾ കാലികമാക്കി

പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ടി ഉത്തരവിലെ ഖണ്ഡിക 11(എ) പ്രകാരം പൊതുതാൽപ്പര്യത്തിന് വിധേയമായി ഒരു ജീവനക്കാരനെ സ്ഥലംമാറ്റേണ്ടത് ആവശ്യമാണെന്ന് സ്ഥലംമാറ്റ അധികാരിക്ക് ബോധ്യമുള്ള പക്ഷം സ്ഥലംമാറ്റ അധികാരിക്ക് ജീവനക്കാരനെ ഉടൻ തന്നെ സ്ഥലം മാറ്റാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത മാനദണ്ഡം അനുസരിച്ചാണ് ശ്രീ ജഗദീഷ് എം. കെ. യെ ഭരണ സൗകര്യാർത്ഥം എടച്ചേരി ഗ്രാമ പഞ്ചായത്തിൽ നിന്നും നാദാപുരം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയതെന്നും ആയതിനാൽ ടിയാന്റെ സ്ഥലംമാറ്റം പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിരുദ്ധമല്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4) പരാമർശ വിഷയം സംബന്ധിച്ച് നടത്തിയ ഹിയറിംഗിലെ വാദങ്ങളും, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടും, സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ഉത്തരവുകളും സർക്കാർ വിശദമായി പരിശോധിച്ചതിൽ ചുവടെ പറയുന്ന വസ്തുതകൾ ബോധ്യമായിട്ടുള്ളതാണ്.

പരാമർശം (2) -ലെ പൊതു സ്ഥലംമാറ്റ ഉത്തരവ് പ്രകാരം ശ്രീ. ജഗദീഷ് എം. കെ.-യെ ടിയാൻ ഒന്നാമതായി ഓപ്റ്റ് ചെയ്ത എടച്ചേരി ഗ്രാമ പഞ്ചായത്തിലേയ്ക്കാണ് സ്ഥലംമാറ്റിയത്. പരാമർശം (2) ഉത്തരവ് പ്രകാരം ശ്രീ. മനോജനെ ഏറാമല ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലംമാറ്റുകയും ഒരു മാസത്തിനുള്ളിൽ തന്നെ പരാമർശം (3) ഉത്തരവ് പ്രകാരം വാണിമേൽ ഗ്രാമ പഞ്ചായത്തിലേക്കും തുടർന്ന് രണ്ടുമാസം കഴിഞ്ഞ ഉടനെ പരാമർശം (4) ഉത്തരവ് പ്രകാരം ടിയാനെ എവിടെ നിന്നാണോ ആദ്യം സ്ഥലംമാറ്റിയത് ആ സ്ഥലത്തുതന്നെ മൂന്നുമാസങ്ങൾക്കുശേഷം വീണ്ടും നിയമിച്ചു. ടി ഉത്തരവിലെ റിമാർക്സ് കോളത്തിൽ ശ്രീ. മനോജന്റെ സ്ഥലംമാറ്റത്തിന് കൊടുത്തിട്ടുള്ള കാരണം ടിയാന്റെ അപേക്ഷയെന്നും ജഗദീഷിന്റേത് ഭരണ സൗകര്യാർത്ഥമെന്നുമാണ്. ശ്രീ. ജഗദീഷിന് പൊതുസ്ഥലംമാറ്റ ഉത്തരവ് പ്രകാരം ഒന്നാമത് ഓപ്റ്റ് ചെയ്ത സ്ഥലത്തേക്ക് സ്ഥലംമാറ്റം അനുവദിച്ചതിനുശേഷം രണ്ടു മാസം തികയുന്നതിന് മുൻപ് വീണ്ടും സ്ഥലംമാറ്റിയ നടപടി ഉചിതമല്ല. പരാമർശം (2) ഉത്തരവിനുമുമ്പ് നാല് വർഷം ശ്രീ. മനോജൻ ജോലിചെയ്തിരുന്ന എടച്ചേരി ഗ്രാമ പഞ്ചായത്തിൽ തന്നെ മൂന്ന് മാസങ്ങൾക്കുശേഷം, പരാമർശം (4) ഉത്തരവ് പ്രകാരം ടിയാനെ വീണ്ടും നിയമിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടി, വകുപ്പിലെ പൊതുസ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾ കാലികമാക്കിക്കൊണ്ട് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിലെ സ്റ്റേഷനുമായി ബന്ധപ്പെട്ട മാനദണ്ഡം (എച്ച്)-ന് വിരുദ്ധമാണെന്ന് കാണുന്നു. ടി മാനദണ്ഡപ്രകാരം ഒരു സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാക്കി മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം ലഭിച്ച് പോയിട്ടുള്ള ജീവനക്കാർക്ക് അടുത്ത മൂന്ന് വർഷക്കാലയളവിലേക്ക് മുൻസ്റ്റേഷനിലേക്ക് തിരികെ സ്ഥലംമാറ്റം അനുവദിക്കുന്നതല്ല. ആയതിനാൽ ശ്രീ. ജഗദീഷിന്റെ അപ്പീൽ പരിഗണനാർഹമാണെന്നു കാണുന്നു.

5) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ. ജഗദീഷ് എം. കെ -യെ ഭരണ സൗകര്യാർത്ഥം നാദാപുരം ഗ്രാമപഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ച പരാമർശം (4) -ലെ ഉത്തരവ് റദ്ദ് ചെയ്ത് ടിയാനെ എടച്ചേരി ഗ്രാമ പഞ്ചായത്തിൽ തന്നെ നിലനിർത്തുന്നതിനും ശ്രീ. മനോജനെ നാദാപുരം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി പരാമർശം (5) അപ്പീൽ (Annexure A5) തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (6) -ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. ജഗദീഷ് എം. കെ., അസിസ്റ്റന്റ് സെക്രട്ടറി, എടച്ചേരി ഗ്രാമ പഞ്ചായത്ത്, എടച്ചേരി പി ഒ. വടകര, കോഴിക്കോട്-673502 *(പ്രിൻസിപ്പിൽ ഡയറക്ടർ മുഖേന)*
ശ്രീ. മനോജൻ എൻ., അസിസ്റ്റന്റ് സെക്രട്ടറി, വാണിമെൽ ഗ്രാമ പഞ്ചായത്ത്, കൊടിയൂറ പി ഒ. കോഴിക്കോട്-673506 *(പ്രിൻസിപ്പിൽ ഡയറക്ടർ മുഖേന)*
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം *(ആമുഖ കത്ത് സഹിതം)*
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഇപിബി1/256/2025/തസ്വഭവ ഫയൽ)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 03-01-2026 12:48:13**

സെക്ഷൻ ഓഫീസർ